ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം

***DATE: 19.11.2025*** ***TIME : 07.25 PM***

## പ്രധാന

1. **പ്രകൃതി കൃഷിയുടെ ആഗോള കേന്ദ്രമായി രാജ്യം മാറുന്നതായി പ്രധാനമന്ത്രി നരേന്ദ്ര മോദി. ദക്ഷിണേന്ത്യൻ പ്രകൃതികൃഷി ഉച്ചകോടിക്ക് പ്രധാനമന്ത്രി കോയമ്പത്തൂരിൽ തുടക്കം കുറിച്ചു.**

   **Prime Minister Narendra Modi said that the country is becoming a global hub in natural farming. PM inaugurated the South India Natural Farming Summit at Coimbatore in Tamil Nadu.**

2. **ബിഹാർ മുഖ്യമന്ത്രിയായി നിതീഷ് കുമാർ നാളെ സത്യപ്രതിജ്ഞ ചെയ്യും. മുഖ്യമന്ത്രിപദത്തിൽ നിതീഷ് കുമാറിന് 10-ാം ഊഴം.**

   **JD(U) leader Nitish Kumar will take oath as the Chief Minister of Bihar for the 10th time tomorrow.**

3. കേരളത്തിലെ തീവ്ര വോട്ടർപട്ടിക പരിഷ്കരണം സംബന്ധിച്ച ഹർജികൾ സുപ്രീം കോടതി വെള്ളിയാഴ്ച പരിഗണിക്കും.

   **The Supreme Court agreed to list on Friday the petition filed challenging the Special Intensive Revision of the electoral rolls in Kerala.**

4. തദ്ദേശ തിരഞ്ഞെടുപ്പ് പ്രക്രിയയിൽ പൂർണ്ണ സുതാര്യത ഉറപ്പാക്കുമെന്ന് സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷണർ. പത്രികാ സമർപ്പണം വെള്ളിയാഴ്ച വരെ.

   **The State Election Commissioner said that complete transparency will be ensured in the local body election process in Kerala. Nomination filing will continue till Friday.**

5. 56 -ാമത് ഇന്ത്യ രാജ്യാന്തര ചലച്ചിത്ര മേളയ്ക്ക് നാളെ ഗോവയിൽ തിരിതെളിയും. ബ്രസീലിന്റെ ദി ബ്ലൂ ട്രെയിൽ ഉദ്ഘാടന ചിത്രം.

**The 56th International Film Festival of India will begin tomorrow at Panaji, Goa. Brazilian film "The Blue Trail" will be the opening film.**

6. **ഫിഫ ലോകകപ്പ് ഫുട്ബോളിന് യോഗ്യത നേടുന്ന ഏറ്റവും ജനസംഖ്യ കുറഞ്ഞ രാജ്യമെന്ന നേട്ടം സ്വന്തമാക്കി കരീബിയൻ രാജ്യമായ കുറസാവോ.**

**Caribbean Island Curacao creates history, becomes smallest nation ever to qualify for FIFA World Cup football.**

❁❁❁❁❁❁❁❁❁❁❁❁❁

**PREZ-NIT CONVOCATION (INTRO)**

ഡിജിറ്റൽ ഇന്ത്യ പരിവർത്തനാത്മക സംരംഭമാണെന്ന് രാഷ്ട്രപതി ദ്രൗപദി മുർമു. എൻഐടിയുടെ അഞ്ചാമത് വാർഷിക കൺവെൻഷനെ ന്യൂഡൽഹിയിൽ അഭിസംബോധന ചെയ്യുകയായിരുന്നു രാഷ്ട്രപതി. സാങ്കേതിക വിദ്യ രാജ്യത്തെ എല്ലാ പൗരന്മാരിലും എത്തിക്കാൻ കഴിഞ്ഞതിലൂടെ നിരവധി അവസരങ്ങൾ ലഭ്യമാക്കാനും

സാധിച്ചിട്ടുണ്ട്. ആഗോള കാലാവസ്ഥാ വെല്ലുവിളികൾ നേരിടുന്നതിൽ രാജ്യം നിർണായക സംഭാവന നൽകുന്നതായും രാഷ്ട്രപതി പറഞ്ഞു.

**(ഹോൾഡ് വോയ്സ്........)**

❁❁❁❁❁❁❁❁❁❁❁❁❁

**PM - PM KISAN(INTRO)**

പ്രകൃതി കൃഷിയുടെ ആഗോള കേന്ദ്രമായി രാജ്യം മാറുകയാണെന്ന് പ്രധാനമന്ത്രി നരേന്ദ്ര മോദി. ദക്ഷിണേന്ത്യൻ പ്രകൃതികൃഷി ഉച്ചകോടിയുടെ ഉദ്ഘാടനം കോയമ്പത്തൂരിൽ നിർവഹിക്കുകയായിരുന്നു അദ്ദേഹം. രാജ്യത്തെ പരിസ്ഥിതി ആവാസവ്യവസ്ഥ മെച്ചപ്പെടുന്നതായും പ്രധാനമന്ത്രി പറഞ്ഞു.

**(ഹോൾഡ് വോയ്സ്......)**

പിഎം കിസാൻ പദ്ധതിയുടെ 21- ാം ഗഡുവും പ്രധാനമന്ത്രി കർഷകർക്ക് കൈമാറി.

❁❁❁❁❁❁❁❁❁❁❁❁❁

## PM-TEMPLE VISIT

ആന്ധ്രാപ്രദേശിലെ പുട്ടപർത്തിയിൽ സത്യസായി ബാബ ശതാബ്ദി ആഘോഷങ്ങളിൽ പങ്കെടുത്ത ശേഷമാണ് പ്രധാനമന്ത്രി നരേന്ദ്ര മോദി കോയമ്പത്തൂരിലെത്തിയത്. സത്യസായി ബാബയുടെ ആശയങ്ങൾ കോടിക്കണക്കിന് ജനങ്ങൾക്ക് മാർഗ്ഗദർശനമാണെന്ന് അദ്ദേഹം ചടങ്ങിൽ പറഞ്ഞു. സത്യസായി ബാബയുടെ സ്മരണാർത്ഥമുള്ള തപാൽ സ്റ്റാമ്പും നാണയവും ശ്രീ നരേന്ദ്ര മോദി പുറത്തിറക്കി. പ്രശാന്തി നിലയത്തിലെ സത്യസായി ബാബ മഹാസമാധിയിൽ പ്രധാനമന്ത്രി പ്രണാമം അർപ്പിച്ചു.

## BIHAR - GOVERNMENT FORMATION

ബിഹാർ മുഖ്യമന്ത്രിയായി നിതീഷ് കുമാർ നാളെ സത്യപ്രതിജ്ഞ ചെയ്യും. പട്നയിലെ ഗാന്ധി മൈതാനിൽ നടക്കുന്ന സത്യപ്രതിജ്ഞാ ചടങ്ങിൽ പ്രധാനമന്ത്രി നരേന്ദ്രമോദി

ഉൾപ്പെടെയുള്ള മുതിർന്ന നേതാക്കൾ പങ്കെടുക്കും. ഇന്ന് പട്നയിൽ ചേർന്ന യോഗം എൻ.ഡി.എയുടെ നിയമസഭാ കക്ഷി നേതാവായി ശ്രീ നിതീഷ് കുമാറിനെ തിരഞ്ഞെടുക്കുകയായിരുന്നു. തുടർന്ന് ഗവർണറെ കണ്ട് എൻഡിഎ നേതാക്കൾ സർക്കാർ രൂപീകരണത്തിന് അവകാശവാദമുന്നയിച്ചതോടെയാണ് നിതീഷ് കുമാർ 10-ാം തവണയും മുഖ്യമന്ത്രി പദത്തിലേക്ക് എത്തുന്നത്.

## JAISHANKAR- RUSSIA

വിദേശകാര്യ മന്ത്രി എസ്. ജയ്ശങ്കർ മോസ്കോയിൽ റഷ്യൻ ഉപപ്രധാനമന്ത്രി ഡെനിസ് മന്തൂറവോയുമായി കൂടിക്കാഴ്ച നടത്തി. അടുത്ത മാസം ന്യൂഡൽഹിയിൽ നടക്കാനിരിക്കുന്ന ഇന്ത്യ-റഷ്യ വാർഷിക ഉച്ചകോടിക്കുള്ള ഒരുക്കങ്ങൾ അവലോകനം ചെയ്തതായി ശ്രീ ജയ്ശങ്കർ സമൂഹമാധ്യമത്തിൽ പറഞ്ഞു. ഈ വർഷം ഓഗസ്റ്റിൽ നടന്ന കൂടിക്കാഴ്ചയ്ക്ക് ശേഷം

ഉഭയകക്ഷി ബന്ധങ്ങളിൽ ഉണ്ടായ പുരോഗതി വിലയിരുത്തിയതായും കേന്ദ്ര മന്ത്രി പറഞ്ഞു.

❁❁❁❁❁❁❁❁❁❁❁❁❁

**GOYAL - ISRAEL**

മൂന്ന് ദിവസത്തെ സന്ദർശനത്തിനായി കേന്ദ്ര വാണിജ്യ വ്യവസായ മന്ത്രി പീയൂഷ് ഗോയൽ നാളെ ഇസ്രായേലിലെത്തും. ഇസ്രായേലി നേതൃത്വവുമായി അദ്ദേഹം ഉന്നതതല കൂടിക്കാഴ്ചകൾ നടത്തും. 60 അംഗ പ്രതിനിധി സംഘവും കേന്ദ്രമന്ത്രിക്ക് ഒപ്പമുണ്ട്.

❁❁❁❁❁❁❁❁❁❁❁❁❁

**IAM-CONFERENCE**

Indian Society of Aero Space Medicine -ന്റെ 64 -ാമത് വാർഷിക സമ്മേളനത്തിന് നാളെ തുടക്കമാകും. ബംഗളൂരുവിലെ

Institute of Aerospace Medicine രണ്ട് ദിവസത്തെ സമ്മേളനത്തിന് വേദിയാകും. വ്യോമസേനാ മേധാവി, എയർ ചീഫ് മാർഷൽ എ.പി സിങ് ഉദ്ഘാടനം ചെയ്യും. രാജ്യത്തിനകത്തും

പുറത്തും നിന്നുള്ള 300 ലേറെ പ്രതിനിധികൾ പരിപാടിയിൽ പങ്കെടുക്കുമെന്ന് പ്രതിരോധ മന്ത്രാലയം അറിയിച്ചു.

❁❁❁❁❁❁❁❁❁❁❁❁❁

## E-PASSPORT

2035 ഓടെ പൂർണ്ണമായും ഇ-പാസ്പോർട്ടുകളിലേക്ക് മാറാനൊരുങ്ങി രാജ്യം. പാസ്പോർട്ട് സേവാ പദ്ധതി 2.0 യ്ക്ക് കീഴിൽ പുതുതായി നൽകുന്ന എല്ലാ പാസ്പോർട്ടുകളും

ഇ-പാസ്പോർട്ടുകളായി മാറും. എന്നാൽ നിലവിലുള്ള ഇലക്ട്രോണിക് ഇതര പാസ്പോർട്ടുകൾ കാലഹരണപ്പെടുന്നതുവരെ സാധുവായിരിക്കും.

❁❁❁❁❁❁❁❁❁❁❁❁❁

## AI -IMPACT

ഇന്ത്യാ എഐ ഇംപാക്റ്റ് പ്രീ-സമ്മിറ്റ് കോൺഫറൻസ് നാളെ തിരുവനന്തപുരത്ത് നടക്കും. ചീഫ് സെക്രട്ടറി എ. ജയതിലക് മുഖ്യാതിഥിയാകും. കേന്ദ്ര ഇലക്ട്രോണിക്സ്

വിവര സാങ്കേതിക വിദ്യാ മന്ത്രാലയത്തിന് കീഴിലെ സോഫ്റ്റ്‌വെയർ ടെക്നോളജി പാർക്ക് ഓഫ് ഇന്ത്യയും ISACA തിരുവനന്തപുരം ചാപ്റ്ററുമായി സംയുക്തമായിയാണ് കോൺഫറൻസ് സംഘടിപ്പിച്ചിരിക്കുന്നത്. അടുത്ത വർഷം നടക്കുന്ന ഇന്ത്യാ AI ഇംപാക്റ്റ് ഉച്ചകോടിക്ക് മുന്നോടിയായിയാണ് സമ്മേളനം.

☸☸☸☸☸☸☸☸☸☸☸☸☸

**NIA- ANMOL BISHNOI**

കുപ്രസിദ്ധ ഗുണ്ടാതലവൻ അൻമോൾ ബിഷ്ണോയിയെ ഇന്ത്യയിലേക്ക് നാടുകടത്തി അമേരിക്ക. ഗുണ്ടാതലവൻ ലോറൻസ് ബിഷ്ണോയിയുടെ സഹോദരനും അടുത്ത അനുയായിയുമായ അൻമോൾ ബിഷ്ണോയിയെ എൻഐഎ നേരത്തെ അറസ്റ്റ് ചെയ്തിരുന്നു. 2022 മുതൽ ഇയാൾ ഒളിവിൽ പോവുകയായിരുന്നു.

☸☸☸☸☸☸☸☸☸☸☸☸☸

**PREZ-VISIT**

രാഷ്ട്രപതി ദ്രൗപദി മുർമുവിന്റെ ഛത്തീസ്ഗഢ്, തെലങ്കാന, ആന്ധ്രാപ്രദേശ് സന്ദർശനത്തിന് നാളെ തുടക്കമാകും. ഛത്തീസ്ഗഢിലെ അംബികാപൂരിൽ നടക്കുന്ന ജൻജാതീയ ഗൗരവ് ദിവസ് ആഘോഷങ്ങളിൽ രാഷ്ട്രപതി പങ്കെടുക്കും. തെലങ്കാനയിൽ രാഷ്ട്രപതി നിലയത്തിൽ സംഘടിപ്പിക്കുന്ന ഭാരതീയ കലാ മഹോത്സവ് 2025ൽ ശ്രീമതി മുർമ്മു പങ്കെടുക്കും. ആന്ധ്രാപ്രദേശിലെ ശ്രീസത്യസായ് ബാബയുടെ ശതാബ്ദി ആഘോഷങ്ങളിലും രാഷ്ട്രപതി സംബന്ധിക്കും.

**SIR -SC**

കേരളത്തിലെ തീവ്ര വോട്ടർപട്ടിക പരിഷ്കരണം സംബന്ധിച്ച ഹർജികൾ സുപ്രീം കോടതി വെള്ളിയാഴ്ച പരിഗണിക്കും. എസ്.ഐ.ആറിന്റെ നടപടിക്രമങ്ങളും തദ്ദേശ തെരഞ്ഞെടുപ്പും ഒരുമിച്ച് നടക്കുന്നത് വലിയ പ്രതിസന്ധി സൃഷ്ടിക്കുന്നതായി മുസ്ലീം ലീഗ് അഭിഭാഷകൻ

ഹാരിസ് ബീരാൻ കോടതിയെ അറിയിച്ചതോടെയാണ് അടിയന്തരമായി പരിഗണിക്കാമെന്ന് കോടതി അറിയിച്ചത്. എസ് ഐ ആർ നടപടിക്രമങ്ങൾ നീട്ടിവയ്ക്കണമെന്ന് ആവശ്യപ്പെട്ട് സംസ്ഥാന സർക്കാരും സുപ്രീംകോടതിയെ സമീപിച്ചിട്ടുണ്ട്.

❁❁❁❁❁❁❁❁❁❁❁❁❁

**STATE ELECTION COMMISSION**

തദ്ദേശ തിരഞ്ഞെടുപ്പ് പ്രക്രിയയിൽ പൂർണ്ണ സുതാര്യത ഉറപ്പാക്കുമെന്ന് സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷണർ എ ഷാജഹാൻ. തിരുവനന്തപുരത്ത് ചേർന്ന പൊതുനിരീക്ഷകരുടെ ആദ്യ യോഗത്തിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം. സ്വതന്ത്രവും നീതിപൂർവ്വവുമായ തിരഞ്ഞെടുപ്പ് ഉറപ്പാക്കാൻ കർശനനിരീക്ഷണം നടത്തുന്നതിന് പൊതുനിരീക്ഷകർ പ്രവർത്തിക്കണമെന്നും ശ്രീ എ. ഷാജഹാൻ പറഞ്ഞു. പ്രശ്നബാധിത പോളിംഗ് സ്റ്റേഷനുകളിൽ പ്രത്യേക സുരക്ഷാ

സജ്ജീകരണങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ടോയെന്ന് പരിശോധിക്കണമെന്നും അദ്ദേഹം നിർദേശം നൽകി.

❁❁❁❁❁❁❁❁❁❁❁❁❁

## NOMINATION

തദ്ദേശ തിരഞ്ഞെടുപ്പിനുള്ള നാമനിർദേശ പത്രികാ സമർപ്പണം സംസ്ഥാനത്ത് മറ്റെന്നാൾ അവസാനിക്കും. വൈകിട്ട് മൂന്ന് മണി വരെ പത്രിക സമർപ്പിക്കാം.

സൂക്ഷ്മ പരിശോധന 22-ന് നടക്കും. അടുത്ത മാസം ഒമ്പതിനും പതിനൊന്നിനും രണ്ട് ഘട്ടങ്ങളായാണ് വോട്ടെടുപ്പ്. 13 നാണ് വോട്ടെണ്ണൽ. തദ്ദേശ തിരഞ്ഞെടുപ്പിനുള്ള പ്രചാരണവും വാർഡുകളിൽ ഊർജ്ജിതമായി പുരോഗമിക്കുകയാണ്.

❁❁❁❁❁❁❁❁❁❁❁❁❁

## IFFI (INTRO)

56 -ാമത് ഇന്ത്യ രാജ്യാന്തര ചലച്ചിത്ര മേളയ്ക്ക് നാളെ ഗോവയിൽ തിരിതെളിയും. 81

രാജ്യങ്ങളിൽ നിന്നായി 240 ചലച്ചിത്രങ്ങൾ മേളയിൽ പ്രദർശനത്തിനെത്തും.
ഒരു റിപ്പോർട്ട് .....

(വോയിസ്)

❁❁❁❁❁❁❁❁❁❁❁❁❁

IFFI (VOICE)

ബ്രസീലിയൻ ചിത്രമായ ദി ബ്ലൂ ട്രെയിലാണ് 56-ാമത് ഗോവ രാജ്യാന്തര ചലച്ചിത്ര മേളയുടെ ഉദ്ഘാടന ചിത്രം. മർഗോവയിലെ രവീന്ദ്ര ഭവനിൽ ഈ ചലച്ചിത്രം പ്രദർശിപ്പിക്കുന്നതോടെ മേളയ്ക്ക് തുടക്കമാകും. ഇത്തവണ ജപ്പാൻ ഫോക്കസ് കൺട്രിയും, സ്പെയിൻ പങ്കാളി രാഷ്ട്രവുമാണ്. ഓസ്ട്രേലിയാണ് സ്പോട്ട്ലൈറ്റ് കൺട്രി. ഇന്ത്യൻ പനോരമ വിഭാഗത്തിൽ 25 ഫീച്ചർ ഫിലിമുകളും, 20 നോൺ ഫീച്ചർ ഫിലിമുകളും, 5 നവാഗത ഫീച്ചർ ഫിലിമുകളും പ്രദർശിപ്പിക്കും. ഫീച്ചർ വിഭാഗത്തിൽ തമിഴ് ചിത്രം അമരനും, നോൺ ഫീച്ചർ വിഭാഗത്തിൽ ഹിന്ദി ചിത്രം

കാകോരിയും ഉദ്ഘാടന ചിത്രങ്ങളായി പ്രദർശിപ്പിക്കും. വേവ്സ് ഫിലിം ബസാർ, സിനിം എഐ ഹാക്കത്തോൺ എന്നിവയും മേളയുടെ ഭാഗമായി സംഘടിപ്പിക്കുന്നുണ്ട്. ഗോവയിലെ സാംസ്കാരിക കേന്ദ്രങ്ങളും തിയറ്ററുകളും നാളെ മുതൽ ലോകമെമ്പാടുമുള്ള സിനിമ ആസ്വാദകരേയും കലാപ്രേമികളെയും സ്വാഗതം ചെയ്യാൻ ഒരുങ്ങി കഴിഞ്ഞു. ഈ മാസം 28 വരെയാണ് ചലച്ചിത്രമേള.

ന്യൂസ്ഡെസ്ക്, ആകാശവാണി

## FIFA-CURACAO QUALIFIES

ഫിഫ ലോകകപ്പ് ഫുട്ബോളിന് യോഗ്യത നേടുന്ന ഏറ്റവും ജനസംഖ്യ കുറഞ്ഞ രാജ്യമെന്ന നേട്ടം സ്വന്തമാക്കി കരീബിയൻ രാജ്യമായ കുറസാവോ. ജമൈക്കയുമായി ഗോൾ രഹിത സമനില നേടിയതിന് പിന്നാലെയാണ് ചരിത്ര നേട്ടം. ഗ്രൂപ്പ് ബിയിൽ 12 പോയിന്റുമായി ഒന്നാം സ്ഥാനക്കാരായാണ് കുറസാവോ ലോകകപ്പ് യോഗ്യത നേടിയത്.

1.56 ലക്ഷം മാത്രമാണ് കുറസാവോയിലെ ജനസംഖ്യ.

❁❁❁❁❁❁❁❁❁❁❁❁❁

## SC- TRIBUNAL REFORM LAW

വിവിധ ട്രൈബ്യൂണലുകളിലെ അംഗങ്ങളുടെ നിയമനം, കാലാവധി, സേവനം എന്നിവയുമായി ബന്ധപ്പെട്ട 2021 ലെ ട്രൈബ്യൂണൽസ് പരിഷ്കരണ നിയമത്തിലെ നിരവധി വ്യവസ്ഥകൾ റദ്ദാക്കി സുപ്രീം കോടതി. ചെറിയ മാറ്റങ്ങൾ വരുത്തി വ്യവസ്ഥകൾ വീണ്ടും നടപ്പാക്കുകയായിരുന്നു എന്ന് ചീഫ് ജസ്റ്റിസ് ബി ആർ ഗവായി അടങ്ങിയ ബെഞ്ച് വ്യക്തമാക്കി. എതിർപ്പ് അറിയിച്ച വ്യവസ്ഥകൾ അധികാര വിഭജനത്തിന്റേയും ജുഡീഷ്യൽ സ്വാതന്ത്ര്യത്തിന്റേയും തത്വങ്ങൾ ലംഘിക്കുന്നുണ്ടെന്നും അവ തിരികെ കൊണ്ടുവരാൻ പാടില്ലായിരുന്നുവെന്നും പരമോന്നത കോടതി അറിയിച്ചു.

❁❁❁❁❁❁❁❁❁❁❁❁❁

## CITIZENS - OPEN LETTER

തിരഞ്ഞെടുപ്പ് കമ്മിഷൻ പോലുള്ള ഭരണഘടനാ സ്ഥാപനങ്ങളെ മോശമായി ചിത്രീകരിക്കാൻ ലോക്സഭാ പ്രതിപക്ഷ നേതാവ് രാഹുൽ ഗാന്ധിയും കോൺഗ്രസ് പാർട്ടിയും ശ്രമിക്കുന്നതായി ആരോപിച്ച് ജഡ്ജിമാരും മുൻ ഉന്നത ഉദ്യോഗസ്ഥരും തുറന്ന കത്തയച്ചു.

272 പ്രമുഖരാണ് രാഹുലിനെ വിമർശിച്ച തുറന്ന കത്തിൽ ഒപ്പുവെച്ചത്. 16 ജഡ്ജിമാരും, 14 അംബാസഡർമാരും, 133 വിമുക്തഭടന്മാരും ഇതിൽ ഉൾപ്പെടുന്നു.

## SABARIMALA RESTRICTION

ശബരിമലയിൽ തീർത്ഥാടകരുടെ തിരക്ക് നിയന്ത്രിക്കുന്നതിന്റെ ഭാഗമായി സ്പോർട്ട് ബുക്കിംഗ് കുറയ്ക്കാൻ ഹൈക്കോടതി നിർദേശം. നാളെ മുതൽ തിങ്കളാഴ്ച വരെ സ്പോർട്ട് ബുക്കിംഗ് 5,000 ആയി കുറയ്ക്കും. തീർഥാടകർ ദർശനം ലഭിക്കാതെ തിരികെപോകേണ്ടിവന്നത് ഏറെ

ഖേദകരമാണെന്ന് ദേവസ്വം ബോർഡ് പ്രസിഡന്‍റ് കെ.ജയകുമാർ പറഞ്ഞു. ഇന്ന് വൈകിട്ട് വരെയുള്ള കണക്കുപ്രകാരം 64,525പേരും സ്പോട്ട് ബുക്കിംഗ് വഴി 10,434 പേരും ദർശനം നടത്തി.